"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ്- കൊല്ലം ജില്ലയിലെ കുമ്മല്ലൂർ - പള്ളിക്കമണ്ണടി പാലത്തിന്റെ നിർമ്മാണം-നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**പൊതുമരാമത്ത്(ഡി) വകുപ്പ്**

സ.ഉ.(കൈ) നം.27/2025/PWD തീയതി,തിരുവനന്തപുരം, 28-04-2025

---

പരാമർശം:-

1. 10.07.2017 തീയതിയിലെ സഉ(സാധാ)നം. 942/2017/പൊ.മ.വ.
2. 04/05/2019 തീയതിയിലെ സഉ(അച്ചടി)നം.54/2019/ഫിൻ.
3. പ്രോജക്ട് ഡയറക്ടർ,പി എം യു-കെ.ആർ.എഫ്.ബിയുടെ 21.01.25, 26.03.2025 തീയതിയിലെ PDKRFBKLM016(69BF)/1/2023-SS1 എന്നീ നമ്പർ കത്തുകൾ.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കുമ്മല്ലൂർ -പള്ളിക്കമണ്ണടി പാലത്തിന്റെ നിർമ്മാണത്തിനായി പരാമർശം (1) പ്രകാരം 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവ്യത്തിയ്ക്കായി ക്ഷണിച്ച ആദ്യത്തെ ടെണ്ടറിൽ സിംഗിൾ ബിഡ് മാത്രം ലഭിച്ചതിനാൽ പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്തു. രണ്ടാമത്തെ ടെണ്ടറിൽ രണ്ട് ബിഡ് ലഭിച്ചുവെങ്കിലും നെഗോഷിയേറ്റഡ് ക്വാട്ടഡ് എമൗണ്ട് അംഗീകരിക്കാവുന്ന പരിധിയെക്കാൾ 36.09% വർദ്ധനവുള്ളതാകയാൽ വീണ്ടും ടെണ്ടർ ചെയ്തു. മൂന്നാമത്തെ ടെണ്ടറിൽ ശ്രീ.ജോസ് തോമസ് എന്ന കരാറുകാരനിൽ നിന്നും സിംഗിൾ ബിഡ് മാത്രം ലഭിച്ചു. കരാറുകാരൻ 11,08,41,593/- രൂപ ക്വാട്ട് ചെയ്യുകയും ടി തുക എസ്റ്റിമേറ്റ് പി.എ.സി തുകയെക്കാളും 39.96% വർദ്ധനവുള്ളതായതിനാൽ കരാറുകാരനുമായി നെഗോസിസേഷൻ നടത്തുകയും അതിൻപ്രകാരം ക്വാട്ടഡ് എമൗണ്ട് 11,07,69,654/-രൂപയായി കുറച്ചു. പ്രസ്തുത തുക എസ്റ്റിമേറ്റ് പി.എ.സി തുകയായ 7,91,94,727/- രൂപയെക്കാൾ 39.87% വർദ്ധനവുള്ളതും, LMR തുകയായ 9,63,76,748/-രൂപയെക്കാൾ 14.93% വർദ്ധനവുള്ളതും DSOR+10% തുകയായ 8,71,14,199/-രൂപയെക്കാൾ 27.15% വർദ്ധനവുള്ളതുമാണ്. പ്രസ്തുത ബിഡ് 13.01.2025 തീയതിയിൽ കൂടിയ 56ാമത് ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ക്വാട്ട് ചെയ്ത നെഗോഷിയേറ്റഡ് എമൗണ്ട്; പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ടെണ്ടർ അപ്രൂവൽ കമ്മിറ്റിയ്ക്ക് അംഗീകരിക്കാനാകുന്ന പരിധിയ്ക്ക് പുറത്തുള്ളതായതിനാൽ സർക്കാറിന് സമർപ്പിക്കുവാൻ ടെണ്ടർ അപ്രൂവൽ കമ്മിറ്റി ശിപാർശ ചെയ്തു.

2) കൊല്ലം ജില്ലയിലെ കുമ്മല്ലൂർ -പള്ളിക്കമണ്ണടി പാലത്തിന്റെ നിർമ്മാണത്തിനായി ക്ഷണിച്ച മൂന്നാമത്തെ ടെണ്ടറിൽ ശ്രീ.ജോസ് തോമസ് എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത തുക കുറയ്ക്കുവാനായി വീണ്ടും കരാറുകാരനുമായി നെഗോഷിയേഷൻ നടത്തിയെങ്കിലും ക്വാട്ട് ചെയ്ത തുക കുറയ്ക്കുവാൻ സാധിക്കുകയില്ലെന്ന് കരാറുകാരൻ വ്യക്തമാക്കിയിട്ടുണ്ട്. അതിനുള്ള കാരണം പരാമർശം (3)ലെ കത്തിൽ വിശദമാക്കിയിരിക്കുന്നത് ഇപ്രകാരമാണ്:

"സൂപ്പർസ്ട്രക്ച്ചറിനായുള്ള MoRTH ഡാറ്റയിൽ, സപ്പോർട്ട് സ്റ്റേജിംഗ്, സെന്ററിംഗ്, ഫോം വർക്ക് എന്നിവയ്ക്കുള്ള നിരക്ക് കോൺക്രീറ്റിന്റെ 21% മാത്രമാണ്.എന്നാൽ നിർവ്വഹണത്തിന്റെ സുരക്ഷയും കൃത്യതയും ഉറപ്പാക്കുന്ന പാലം ജോലികളായ സെന്ററിംഗ്, ഷട്ടറിംഗ് മുതലായവയ്ക്ക് നൽകുന്നതിന് ഡാറ്റയിൽ നൽകിയിരിക്കുന്ന ശതമാനം അപര്യാപ്തമാണ്. കൊല്ലം ജില്ലയിലെ കുമ്മല്ലൂർ -പള്ളിക്കമണ്ണടി പാലം നിർമ്മിതിയുടെ കാര്യത്തിൽ, 26 മീറ്റർ വീതമുള്ള 3 സ്പാനുകളുള്ള പ്രീ-സ്ട്രസ്ഡ് കോൺക്രീറ്റ് ഗണത്തിൽപ്പെടുന്ന സൂപ്പർസ്ട്രക്ച്ചർ ആണ്. ഇതിനായി ഡാറ്റയിൽ നൽകിയിരിക്കുന്ന ശതമാനം വ്യവസ്ഥ സ്റ്റേജിങ്ങിനും ഫോം വർക്കിനും പര്യാപ്തമല്ല. സാധാരണയായി അത്തരം സന്ദർഭങ്ങളിൽ കരാറുകാർ ഈ ഇനത്തിന് ക്വാട്ട് ചെയ്യുന്ന നിരക്ക് എല്ലായ്പ്പോഴും AHQR വിഭാഗത്തിലാണ് വരുന്നത്. അതിനാൽ തന്നെ ക്വാട്ടഡ് റേറ്റ്, LMR-മായി താരതമ്യപ്പെടുത്താനാവില്ല, കാരണം LMR; ലേബർ, മെറ്റീരിയലുകൾ എന്നിവയുടെ മാർക്കറ്റ് നിരക്കുകൾക്കൊപ്പം അംഗീകൃത ഡാറ്റയെ അടിസ്ഥാനമാക്കിയാണ് തയ്യാറാക്കുന്നത്."

മേൽ വസ്തുതകൾ പരിഗണിച്ച് കൊല്ലം ജില്ലയിലെ കുമ്മല്ലൂർ -പള്ളിക്കമണ്ണടി പാലത്തിന്റെ നിർമ്മാണത്തിനായി ക്ഷണിച്ച മൂന്നാമത്തെ ടെണ്ടറിൽ ശ്രീ.ജോസ് തോമസ് എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത തുകയായ 11,07,69,654/- രൂപയുടെ ടെണ്ടർ, പരാമർശം (2)ലെ ഉത്തരവ് പ്രകാരമുള്ള നിബന്ധനയായ "Quoted rate/DSoR+10%/LMR whichever is less" എന്ന പരിധിയിൽ ഇളവ് നൽകിക്കൊണ്ട് അംഗീകരിക്കണെമന്ന് പരാമർശം (3) പ്രകാരം പ്രോജക്ട് ഡയറക്ടർ ,പി.എം.യു-കെ ആർ.എഫ്.ബി അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

| | | |
|---|---|---|
| 1 | Estimate PAC | 7,91,94,727/- |
| 2 | Current SoR+10% | 8,71,14,199/- |
| 3 | LMR PAC | 9,63,76,748/- |
| 4 | Negotiated quoted amount | 11,07,69,654/- |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ കുമ്മല്ലൂർ-പള്ളിക്കമണ്ണടി പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ക്ഷണിച്ച മൂന്നാമത്തെ ടെണ്ടറിൽ ശ്രീ.ജോസ് തോമസ് എന്ന കരാറുകാരൻ ക്വാട്ട് ചെയ്തതും എസ്റ്റിമേറ്റ് പി.എ.സി തുകയെക്കാൾ 39.87% വർദ്ധനവുള്ളതും, LMR തുകയെക്കാൾ 14.93% വർദ്ധനവ് ഉള്ളതും DSOR+10% തുകയെക്കാൾ 27.15% വർദ്ധനവുള്ളതുമായ 11,07,69,654/-രൂപയുടെ (പതിനൊന്ന് കോടി ഏഴ് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി അറുന്നൂറ്റി അൻപത്തിനാല് രൂപ മാത്രം) ടെണ്ടർ അംഗീകരിക്കണെമന്ന പ്രോജക്ട് ഡയറക്ടർ ,പി.എം.യു-കെ .ആർ.എഫ്.ബിയുടെ

അപേക്ഷ പരിഗണിച്ച് പരാമർശം (2) പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥയായ "Quoted rate/DSoR+10%/LMR whichever is less" എന്ന പരിധിയിൽ ഇളവ് നൽകി ടെണ്ടർ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

പ്രോജക്ട് ഡയറക്ടർ ,പി.എം.യു-കെ .ആർ.എഫ്.ബി
ധനകാര്യവകുപ്പ് ( E-3071260 / I&PW-B3/60/2025-FIN dated 24.03.2025)
പൊതുഭരണ(എസ് സി)വകുപ്പ് (ഇനം നമ്പർ-2878 തീയതി 23.04.2025)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ),കേരള,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ),ഐ&പി ആർഡി
കരുതൽ ഫയൽ/ഡി1/30/2025/പൊമവ

ഉത്തരവിൻ പ്രകാരം

Signed by
Jameela. S
Date: 29-04-2025 11:38:51
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു,പൊതുമരാമത്ത് മന്ത്രിയുടെ പി എസ്.ന്

പൊതുമരാമത്ത് സെക്രട്ടറിയുടെ സി എയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-04-2025

ഫയൽ നം. ഡി1/30/2025/പൊ.മ.വ. ഇനം നം: 2878

വിഷയം : പൊതുമരാമത്ത് വകുപ്പ് - കൊല്ലം ജില്ലയിലെ കുമ്മല്ലൂർ - പള്ളിക്കമണ്ണടി പാലത്തിന്റെ നിർമ്മാണം - ടെണ്ടർ എക്സസ് - നിലവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡമായ "Quoted rate/LMR or DsoR+10% whichever is less" എന്നതിൽ ഇളവ് വരുത്തി അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

2878

# കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി1/30/2025/പൊ.മ.വ |
| 2 | വകുപ്പ് | : | പൊതുമരാമത്ത്(ഡി) വകുപ്പ് |
| 3 | വിഷയം | : | കൊല്ലം ജില്ലയിലെ കുമ്മല്ലൂർ-പള്ളിക്കമണ്ണടി പാലത്തിന്റെ നിർമ്മാണം-ടെണ്ടർ എക്സ്സ്-നിലവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡമായ "quoted rate/LMR or DSoR+10% whichever is less" എന്നതിൽ ഇളവ് വരുത്തി അംഗീകരിക്കുന്നത്-സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 10.04.2025 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശ്രീദേവി.ഇ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ബിജു ഐ.എ.എസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21.04.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22.04.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി.എ.മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 22.04.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 22.04.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

കൊല്ലം ജില്ലയിലെ കുമ്മല്ലൂർ -പള്ളിക്കമെണ്ണടി പാലത്തിന്റെ നിർമ്മാണത്തിനായി ക്ഷണിച്ച മൂന്നാമത്തെ ടെണ്ടറിൽ ശ്രീ.ജോസ് തോമസ് എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത 11,07,69,654/- രൂപയുടെ ടെണ്ടർ നിലവിലുള്ള മാനദണ്ഡമായ "The condition to allow maximum tender excess is at quoted rate/LMR/ DSOR+10% whichever is less " എന്നതിൽ ഇളവ് വരുത്തി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രോജക്ട് ഡയറക്ടർ, പി.എം.യു- കെ.ആർ.എഫ്.ബി സമർപ്പിച്ച അപേക്ഷയാണ് ഈ കുറിപ്പിലെ വിഷയം.

2) കൊല്ലം ജില്ലയിലെ കുമ്മല്ലൂർ -പള്ളിക്കമെണ്ണടി പാലത്തിന്റെ നിർമ്മാണത്തിനായി 10.07.2017 തീയതിയിലെ സഉ(സാധാ)നം.942/2017/പൊമവ പ്രകാരം 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 23.11.2024 തീയതിയിലെ ഉത്തരവ് പ്രകാരം 14.47 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും നൽകിയിരുന്നു. 12.06.2024 തീയതിയിലെ ഉത്തരവ് പ്രകാരം 10.09 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയ്ക്കായി ക്ഷണിച്ച ആദ്യത്തെ ടെണ്ടറിൽ സിംഗിൾ ബിഡ് മാത്രം ലഭിച്ചതിനാൽ പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്തു. രണ്ടാമത്തെ ടെണ്ടറിൽ രണ്ട് ബിഡ് ലഭിച്ചുവെങ്കിലും നെഗോഷിയേറ്റഡ് ക്വാട്ടഡ് എമൗണ്ട് അംഗീകരിക്കാവുന്ന പരിധിയെക്കാൾ 36.09% വർദ്ധനവുള്ളതാകയാൽ വിണ്ടും ടെണ്ടർ ചെയ്തു. മൂന്നാമത്തെ ടെണ്ടറിൽ ശ്രീ.ജോസ് തോമസ് എന്ന കരാറുകാരനിൽ നിന്നും സിംഗിൾ ബിഡ് മാത്രം ലഭിച്ചു. ടിയാൻ 11,08,41,593/- രൂപ ക്വാട്ട് ചെയ്യുകയും ടി തുക എസ്റ്റിമേറ്റ് പി.എ.സി തുകയെക്കാളും 39.96% വർദ്ധനവുള്ളതായതിനാൽ കരാറുകാരനുമായി നെഗോസിസേഷൻ നടത്തുകയും അതിൻപ്രകാരം ക്വാട്ടഡ് എമൗണ്ട് 11,07,69,654/-രൂപയായി കുറച്ചു. പ്രസ്തുത തുക എസ്റ്റിമേറ്റ് പി.എ.സി തുകയായ 7,91,94,727/- രൂപയെക്കാൾ 39.87% വർദ്ധനവുള്ളതും, LMR തുകയായ 9,63,76,748/-രൂപയെക്കാൾ 14.93% വർദ്ധനവ് ഉള്ളതും

DSOR+10% തുകയായ 8,71,14,199/-രൂപയെക്കാൾ 27.15% വർദ്ധനവുള്ളതുമാണ്.പ്രസ്തുത ബിഡ് 13.01.2025 തീയതിയിൽ കൂടിയ 56ാമത് ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ക്വാട്ട് ചെയ്ത നെഗോഷിയേറ്റഡ് എമൗണ്ട്; 04/05/2019 തീയതിയിലെ സഉ(അച്ചടി)നം.54/2019/ഫിൻ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ടെണ്ടർ അപ്പ്രൂവൽ കമ്മിറ്റിയ്ക്ക് അംഗീകരിക്കാനാകുന്ന പരിധിയ്ക്ക് പുറത്തുള്ളതുമായതിനാൽ സർക്കാറിന് സമർപ്പിക്കുവാൻ ടെണ്ടർ അപ്രൂവൽ കമ്മിറ്റി ശിപാർശ ചെയ്തു. ഈ സാഹചര്യത്തിൽ നിലവിലെ മാനദണ്ഡമായ **"The condition to allow maximum tender excess is at quoted rate/LMR/ DSOR+10% whichever is less "** എന്നതിൽ ഇളവ് നൽകിക്കൊണ്ട് ടെണ്ടർ അംഗീകരിക്കണമെന്ന് പ്രോജക്ട് ഡയറക്ടർ, പി.എം.യു-കെ.ആർ.എഫ്.ബി അപേക്ഷിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Bidder | Estimate PAC | LMR PAC | DSOR+10% | Negotiated quoted rate | Quoted rate(%) |
|---|---|---|---|---|---|
| Sri.Jose thomas | Rs.7,91,94,727/- | 9,63,76,748/- | 8,71,14,199/- | 11,07,69,654/- | 39.87% above EPAC and 14.93% above LMR PAC and 27.15% above |

| | | | | | |
|---|---|---|---|---|---|
| | | | | | DSOR+10% |

3) ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച റിമാർക്സിനായി ഫയൽ ധനവകുപ്പിന് സമർപ്പിക്കുകയും ആ വകുപ്പ് ചുവടെ പറയും പ്രകാരം റിമാർക്സ് ലഭ്യമാക്കിയിട്ടുണ്ട്.

*"The request of Project Director PMU-KRFB Tvpm for accepting the single bid submitted by Sri. Jose Thomas with a negotiated quoted amount is Rs. 11,07,69,654/- which is 39.87% above Estimate PAC of Rs.7.91 crores obtained during second re-tendering the work ,is not in accordance with the GO's in force for acceptance of tenders .*

*However considering the necessity of executing this work , and that chances of getting a better offer is remote , the following course is informed :*

*In case AD/PMU feel that there will be no change in estimate amount even after reworking the estimate and also no scope in getting a better offer even on recall of tenders, then* ***the single offer submitted by Sri. Jose Thomas with a negotiated quoted amount of Rs. 11,07,69,654/- which is 39.87% above Estimate PAC of Rs.7.91 crores may placed before Council of Ministers for getting approval ,with full justification after making an earnest effort for bringing down the quoted amount to a reasonable level."***

4) ധനവകുപ്പിന്റെ റിമാർക്സിന്റെ അടിസ്ഥാനത്തിൽ കുമ്മല്ലൂർ -പള്ളിക്കമെണ്ണടി പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട മൂന്നാമത്തെ ടെണ്ടറിൽ 11,07,69,654/- രൂപ ക്വാട്ട് ചെയ്ത ശ്രീ.ജോസ് തോമസ് എന്ന കരാറുകാരനുമായി ഒരിക്കൽ കൂടി നെഗോസിയേഷൻ നടത്തി ക്വാട്ടഡ് എമൗണ്ട് കുറച്ച ശേഷം വ്യക്തമായ ജസ്റ്റിഫിക്കേഷൻ

സഹിതം പ്രൊപ്പോസൽ പുനർ സമർപ്പിക്കുവാൻ പ്രോജക്ട് ഡയറക്ടർ ,പി.എം.യു-കെ.ആർ.എഫ്.ബിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. അതിൻപ്രകാരം പ്രോജക്ട് ഡയറക്ടർ ,പി.എം.യു-കെ.ആർ.എഫ്.ബി സമർപ്പിച്ച റിപ്പോർട്ടിൽ ക്വാട്ടഡ് എമൗണ്ട് കുറയ്ക്കുന്നതിന് സാധിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. അതിനു നൽകിയ ന്യായീകരണം ചുവടെ ചേർക്കുന്നു.

നിർമ്മാണ വസ്തുക്കളുടെ ഉയർന്ന വർദ്ധന കാരണം നിലവിലുള്ള ക്വാട്ടഡ് തുകയിൽ നിന്നും കുറയ്ക്കാൻ കഴിയില്ലായെന്ന് കരാറുകാരൻ വ്യക്തമാക്കിയിട്ടുണ്ട്. സൂപ്പർസ്ടക്ചറിനായുള്ള **MOrTH** ഡാറ്റയിൽ, സപ്പോർട്ട് സ്റ്റേജിംഗ്, സെന്ററിംഗ്, ഫോം വർക്ക് എന്നിവയ്ക്കുള്ള നിരക്ക് കോൺൺകീറ്റിന്റെ **21%** മാത്രമാണ്.എന്നാൽ നിർവ്വഹണത്തിന്റെ സുരക്ഷയും കൃത്യതയും ഉറപ്പാക്കുന്ന പാലം ജോലികളായ സെന്ററിംഗ്, ഷട്ടറിംഗ് മുതലായവയ്ക്ക് നൽകുന്നതിന് ഡാറ്റയിൽ നൽകിയിരിക്കുന്ന ശതമാനം അപര്യാപ്തമായാണ് കാണുന്നത്. ഈ പാലം നിർമ്മിതിയുടെ കാര്യത്തിൽ, **26** മീറ്റർ വീതമുള്ള **3** സ്പാനുകളുള്ള പ്രി-സ്ട്രസ്ഡ് കോൺക്രീറ്റ് ഗണത്തിൽപ്പെടുന്ന സൂപ്പർസ്ട്രക്ചർ ആണ്. ഇതിനായി, ഡാറ്റയിൽ നൽകിയിരിക്കുന്ന ശതമാനം വ്യവസ്ഥ സ്റ്റേജിങ്ങിനും ഫോം വർക്കിനും പര്യാപ്തമല്ല. സാധാരണയായി അത്തരം സന്ദർഭങ്ങളിൽ, കരാറുകാർ ഈ ഇനത്തിന് ക്വാട്ട് ചെയ്യുന്ന നിരക്ക് എല്ലായിപ്പോഴും **AHQR** വിഭാഗത്തിലാണ് വരുന്നത്. അത്തരം സന്ദർഭങ്ങളിൽ, ക്വാട്ടഡ് റേറ്റ് **LMR-** മായി താരതമ്യപ്പെടുത്താനാവില്ല, കാരണം **LMR** ലേബർ, മെറ്റീരിയലുകൾ എന്നിവയുടെ മാർക്കറ്റ് നിരക്കുകൾക്കൊപ്പം അംഗീകൃത ഡാറ്റയെ അടിസ്ഥാനമാക്കിയാണ് തയ്യാറാക്കുന്നത് ഈ വിവരം എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.എഫ്.ബി -പി.എം.യു, കൊല്ലം ഡിവിഷനിൽ നിന്നും ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. അതിനാൽ ശ്രീ.ജോസ് തോമസ് എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത **11,07,69,654/-** രൂപയുടെ ടെണ്ടർ നിലവിലെ മാനദണ്ഡമായ **"The condition to allow maximum tender excess is at quoted rate/LMR/ DSOR+10% whichever is less "** എന്നതിൽ ഇളവ് നൽകിക്കൊണ്ട് അംഗീകരിക്കണമെന്നും പ്രോജക്ട് ഡയറക്ടർ, പി.എം.യു- കെ.ആർ.എഫ്.ബി അപേക്ഷിച്ചിട്ടുണ്ട്.

5) മേൽ സാഹചര്യത്തിൽ ധനവകുപ്പിന്റെ നിർദ്ദേശാനുസരണം, മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള അനുമതിയ്ക്കായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയും ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

## തീരുമാനിക്കേണ്ട വിഷയം

കൊല്ലം ജില്ലയിലെ കുമ്മല്ലൂർ -പള്ളിക്കമണ്ണടി പാലത്തിന്റെ നിർമ്മാണത്തിനായി ക്ഷണിച്ച മൂന്നാമത്തെ ടെണ്ടറിൽ ശ്രീ.ജോസ് തോമസ് എന്ന കരാറുകാരൻ ക്വാട്ട് ചെയ്തതും ,എസ്റ്റിമേറ്റ് പി.എ.സി തുകയെക്കാൾ **39.87%** വർദ്ധനവുള്ളതും **LMR PAC** തുകയെക്കാൾ **14.93%** വർദ്ധനവ് ഉള്ളതും, **DSoR+10%** തുകയെക്കാൾ **27.15%** വർദ്ധനവുള്ളതുമായ **11,07,69,654/-**രൂപയുടെ (പതിനൊന്ന് കോടി ഏഴ് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി അറുന്നൂറ്റി അൻപത്തിനാല് രൂപ മാത്രം)ടെണ്ടർ; **04/05/2019** തീയതിയിലെ സഉ(അച്ചടി)നം.**54/2019**/ഫിൻ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡമായ **"The condition to allow maximum tender excess is at quoted rate/LMR/ DSOR+10% whichever is less "** എന്നതിൽ ഇളവ് നൽകിക്കൊണ്ട് അംഗീകരിക്കണമെന്ന പ്രോജക്റ്റ് ഡയറക്ടർ, പി.എം.യു-കെ.ആർ.എഫ്.ബിയുടെ അപേക്ഷ പരിഗണിച്ച് ടെണ്ടർ അംഗീകരിക്കാവുന്നതാണോ?